മന്ന
യു. എ. ഇ., കുവൈത്ത്, തൃശ്ശൂർ & കൊച്ചിൻ വാല്യം 5 ലക്കം 2
news@newsmanna.com www.newsmanna.com
050 3241610, 055 3969791 2012 ജനുവരി 26
facebook.com/mannanews
mannalivebible.com

INSIDE THIS ISSUE



ആതുരരംഗത്തെ മാലാഖമാർ



# സമാധാനസന്ദേശവുമായി പാസ്റ്റർ ഡേവിഡ് യോംഗി ചോ

## ലോകത്തിലെ ഏറ്റവും വലിയ ക്രിസ്തീയ സഭയുടെ പാസ്റ്ററായ ഡേവിഡ് യോംഗിചോ അബുദാബി ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പ്രസംഗിക്കുന്നത് ചരിത്രമാകും.

തോമസ് തോന്നയ്ക്കൽ

**ലോ**ക സഭാവളർച്ചയിൽ ഒരു ഇതിഹാസമായി മാറിയ പാസ്റ്റർ ഡേവിഡ് യോംഗിചോ വീണ്ടും ഗൾഫിൽ. പ്രാർഥനയുടെയും വിശ്വാസത്തിന്റെയും അത്ഭുത സാക്ഷ്യങ്ങൾക്ക് ഇനി വിശ്വാസ സമൂഹത്തിന് കാതോർക്കാം.

വൈദ്യശാസ്ത്രം ദുർവിധിയെ ചൊല്ലി മൃതിയുടെ കരാളഹസ്തങ്ങളിൽ വലിച്ചെറിഞ്ഞ ഹതഭാഗ്യനായ ഒരു യുവാവ് ക്രിസ്തുവിന്റെ മൊഴികൾക്ക് സമ്പൂർണ്ണ സമർപ്പണം ചെയ്തപ്പോൾ ഉണ്ടായ മാറ്റം ഒരു രാഷ്ട്രത്തിന്റെ തന്നെ മാറ്റമായി മാറി. അധിനിവേശ ശക്തികളുടെ കിരാത ഭരണത്തിൽ ഞെരിഞ്ഞമർന്ന ദക്ഷിണകൊറിയ ആത്മികവും ഭൗതികവുമായി ഉയർത്തെഴുന്നേറ്റത് പാസ്റ്റർ യോംഗി ചോയുടെയും സഭയുടെയും നിരന്തര പ്രാർഥനകൊണ്ട് മാത്രം...

### അത്ഭുതകരമായ മാറ്റം

കൊറിയൻ യുദ്ധത്തിന്റെ ദുരന്തങ്ങൾ ഏറ്റ് വാങ്ങി അതിജീവനത്തിന് വേണ്ടി പോരാട്ടം കഴിച്ച ഒരു യുവാവായിരുന്നു യോംഗി ചോ. ദാരിദ്രം നിമിത്തം പലതരം കൂലിപ്പണികൾ ചെയ്ത ചോ ഒരു ദിവസം പെട്ടെന്നു രക്തം ഛർദ്ദിച്ചു. പരിശോധനയിൽ ക്ഷയരോഗമാണെന്ന് തെളിഞ്ഞു. ഡോക്ടർ ഇങ്ങനെ കൂടി വിധിയെഴുതി. "നിനക്കിനി മൂന്നോ നാലോ മാസംകൂടി മാത്രമേ ജീവിക്കാനാവൂ. യുവാവേ... വീട്ടിൽ പൊയ്ക്കോളൂ. നിനക്ക് ആഗ്രഹമുള്ളതെല്ലാം കഴിക്കൂ. സ്നേഹിതന്മാരോട് ഗുഡ്ബൈ പറഞ്ഞുകൊള്ളൂ..."

**പ്രാർഥനയുടെ കാര്യത്തിൽ ചോ തന്നെയാണ് വിശ്വാസികൾക്ക് മാതൃക, ദിവസവും കുറഞ്ഞത് മൂന്ന് മണിക്കൂറെങ്കിലും ചോ പ്രാർഥിക്കുന്നു.**

നിരാശനായി ആശുപത്രിവിട്ട യുവാവ് ഭവനത്തിൽ മരണം കാത്തു കിടന്നു. മരണദിനങ്ങളെണ്ണാൻ മൂന്നുമാസത്തെ ഒരു കലണ്ടർ ചോ തന്റെ മുറിയിൽ തൂക്കിയിട്ടു. ബുദ്ധനോട് പ്രാർഥിച്ചുവെങ്കിലും ഫലം കണ്ടില്ല.

രോഗവിവരമറിഞ്ഞ ഒരു വിദ്യാർഥിനി ചോ യെ സന്ദർശിച്ച് യേശുവിനെ സാക്ഷിച്ചു. അരിശം വന്ന ചോ അവളെ ശകാരിച്ചയച്ചു. മടുത്തുപോകാതെ മടങ്ങി വന്ന അവൾ ചോയുടെ കട്ടിലിനരികിൽ നിന്ന് കണ്ണീരൊഴുക്കി പ്രാർഥിച്ചത് ചോയെ സ്പർശിച്ചു. ഒടുവിൽ അയാൾ യേശുവിന് ഹൃദയം നൽകി. വേദപുസ്തകം ആവേശത്തോടെ വായിച്ചു. അത് അദ്ദേഹത്തിന്റെ അകക്കണ്ണ് തുറന്നു. വേദവായന ചോയുടെ വിശ്വാസം വർധിപ്പിക്കുകയും അത്ഭുത സൗഖ്യം ലഭിക്കുകയും ചെയ്തു. ശരീരത്തിനൊരു ഉന്മേഷവും ആത്മാവിൽ അനിർവ്യാചമായൊരു സന്തോഷവും അനുഭവിച്ചു. ഇതിനിടെ ഡോക്ടറെ സന്ദർശിച്ച് പരിശോധിച്ചപ്പോൾ ഡോക്ടർ അത്ഭുതപ്പെട്ടു. "ഇതെനിക്കു വിശ്വസിക്കാനാവുന്നില്ല വൈദ്യശാസ്ത്രത്തിന് നീയൊരു അത്ഭുത പ്രതിഭാസമാണ്."

ചോയ്ക്കുണ്ടായ അത്ഭുത സൗഖ്യം സ്വന്ത വീട്ടുകാർ വിശ്വസിച്ചില്ല. യേശുവിൽ വിശ്വസിച്ച് ക്രിസ്ത്യാനിയായി മാറിയതിനാൽ വീട്ടുകാർ എതിർക്കുകയും ഭവനത്തിൽ നിന്നും പുറത്താക്കുകയും ചെയ്തു. സമീപ പട്ടണത്തിൽ ചെറിയൊരു വീട് വാടകയ്ക്കെടുത്ത് താമസം മാറ്റി. അവിടെ വച്ച് ക്രിസ്തീയ വിശ്വാസികളുമായുള്ള സംസർഗം ചോയെ ഒരു സുവിശേഷകനാക്കി മാറ്റി. ഇതിനിടെ മൂന്ന് വർഷം ബൈബിൾ സ്ക്കൂൾ പഠനവും നടത്തി.

### ഏറ്റവും വലിയ സഭ എന്ന സ്വപ്നം

തേജോഡോംഗ് പട്ടണത്തിലായിരുന്നു ചോ സഭാപ്രവർത്തനമാരംഭിച്ചത്. പട്ടണത്തിലെ ചേരിയിൽ കീറിപ്പറിഞ്ഞ ഒരു പഴയ കൂടാരത്തിൽ അഞ്ച്പേരെ കൊണ്ടായിരുന്നു തുടക്കം. വിശന്ന് പലപ്പോഴും ഉറക്കം വരാതെ കിടന്ന ചോ വളരെ സമയം പ്രാർഥിച്ചു. പലരും സഭയിൽവരാൻ തുടങ്ങി. സഭ വളർന്നുകൊണ്ടിരുന്നു. ബുദ്ധമതക്കാരായ നിരവധി പേർ സഭയിൽ ചേർന്നതിനാൽ ബുദ്ധമത പുരോഹിതന്മാരുടെ നേതൃത്വത്തിൽ ചോയെ അവിടെ നിന്ന് ഓടിക്കാൻ ശ്രമം നടന്നു. തളർവാത രോഗിയായ ഒരു സ്ത്രീക്കുണ്ടായ അത്ഭുത സൗഖ്യത്തിലൂടെ എതിർക്കാൻ വന്ന നൂറുകണക്കിനാളുകൾ സഭയിൽ ചേർന്നു.

കൊറിയയിൽ ഏറ്റവും വലിയ സഭയാരംഭിക്കണമെന്നതായിരുന്നു യോംഗി ചോയുടെ ആഗ്രഹം. അങ്ങനെ തേജോഡോഗിംൽ നിന്നും സിയോൾ പട്ടണത്തിലെ സൊഡൈമൂണിക്കൽ ഫുൾ ഗോസ്പൽ സെൻട്രൽ ചർച്ചാരംഭിച്ചു. 1962 -ൽ 500 പേർക്കിരിക്കാവുന്ന പുതിയ ഹാൾ ഉദ്ഘാടനം ചെയ്തു. ഭവനങ്ങൾ കയറിഇറങ്ങി ചോ സുവിശേഷം പങ്കുവെച്ചു. മുഴുരാത്രി പ്രാർഥനകൾ നടത്തി. രാവിലെ നാല് മണിക്കും പ്രാർഥന നടത്തി. ഇതിനിടെ അംഗസംഖ്യ 2000-മായി

### സഭാവളർച്ചയുടെ സമവാക്യം

പാസ്റ്റർ ഡേവിഡ് യോംഗി ചോയുടെ സിയോളിലെ യോയ്ഡോ ഫുൾ ഗോസ്പൽ ചർച്ച് 10 ലക്ഷം അംഗങ്ങളുള്ള ലോകത്തിലെ ഏറ്റവും വലിയ സഭയായി മാറിയത് പ്രാർഥനകൊണ്ട് ഒന്ന് മാത്രമായിരുന്നു. ചോ ഒരു പ്രാർഥനാ മനുഷ്യനായിരുന്നു. സഭയെയും പ്രാർഥനപോരാളികളായി പരിശീലിപ്പിച്ചു.

നഗരത്തിൽ നിന്നും 10 കി.മീ. അകലെ 60 ഏക്കർ ഭൂമി ശ്മശാനത്തിനായി സഭ വാങ്ങിയിരുന്നു. അതൊടുവിൽ ഒരു പ്രാർഥനാലയമാക്കി മാറ്റി. ഉപവസിക്കാനും പ്രാർഥിക്കാനും ഏകാന്തമായ ആസ്ഥലത്ത് നിരവധി ഗുഹകൾ പണിതു. ലക്ഷക്കണക്കിനു ആളുകളാണ് ഇവിടെ സന്ദർശിച്ച് ഉപവസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത്. കടുത്ത പ്രതിസന്ധികൾ നേരിടുമ്പോൾ ചോ ഇവിടെ ഓടിവന്നു ദൈവതിരുമുമ്പിൽ മുട്ടുമടക്കുന്നു. പ്രാർഥനയുടെ കാര്യത്തിൽ ചോ തന്നെയാണ് വിശ്വാസികൾക്ക് മാതൃക, ദിവസവും കുറഞ്ഞത് മൂന്ന് മണിക്കൂറെങ്കിലും ചോ പ്രാർഥിക്കുന്നു. എല്ലാ ദിവസവും രാവിലെ നാലരയ്ക്ക് സഭാ വിശ്വാസികൾ സഭാ ഹാളിൽ കൂടിവന്ന് പ്രാർഥിക്കുന്ന പതിവുണ്ട്. പ്രാർഥിക്കുന്ന സഭയിൽ അത്ഭുതങ്ങൾ നടക്കുന്നു, സഭ വളരുന്നു.

യോംഗി ചോ നേതൃത്വം നൽകുന്ന സഭയുടെ വളർച്ചയുടെ മറ്റൊരു രഹസ്യം സെൽഗ്രൂപ്പുകളാണ്. 15 കുടുംബങ്ങളടങ്ങുന്നതാണ് ഒരു സെൽഗ്രൂപ്പ്. അടുത്തടുത്ത വീടുകളിലെ വിശ്വാസികളുള്ള ഗ്രൂപ്പിന് ഒരു ലീഡറുണ്ട്. ആഴ്ചയിലൊരിക്കലുള്ള ഗ്രൂപ്പ് യോഗത്തിന് പാട്ടും പ്രാർഥനയും ആരാധനയും ഉണ്ടാകും. അയൽക്കാരായ അവിശ്വാസികളും ഈ യോഗങ്ങൾ മുഖേന രക്ഷിക്കപ്പെട്ട് സഭയോടു ചേരുന്നു. പരിശുദ്ധാത്മാവിനെ കൂടുതൽ അനുസരിക്കുന്നതിനും സഭാവളർച്ചയെ ത്വരിതമാക്കുന്നു.

പാസ്റ്റർ ഡേവിഡ് യോംഗി ചോ നേതൃത്വം നല്കുന്ന യൊയിഡോ ഫുൾഗോസ്പൽ ചർച്ച് ദക്ഷിണ കൊറിയയിൽ ഒരാത്മീയശക്തി മാത്രമല്ല, രാഷ്ട്രീയശക്തിയായും മാറിയിരിക്കുന്നു. കൊറിയൻ പാൽലമെന്റിലെ അൻപതിലധികം എം.പി മാർ ചോയുടെ വിശ്വാസികളാണ്. രണ്ടു ലക്ഷത്തിലധികം വരിക്കാരുള്ള കുക്ക്മീൻ ഡെയിലി എന്നൊരു ദേശീയദിനപ്പത്രവും ചോ പ്രസിദ്ധീകരിക്കുന്നു.

അബുദബിയിൽ 2012 ഫെബ്രുവരി 16,17 തീയതികളിൽ നടക്കുന്ന സമാധാനസമ്മേളനത്തിലാണ് അദ്ദേഹം പ്രസംഗിക്കുന്നത്. ഏകദേശം പത്തുലക്ഷത്തിലധികം വിശ്വാസികളുള്ള സഭയുടെ പാസ്റ്ററായ യോംഗിചോ, 50 രാജ്യങ്ങളിൽ നടക്കുന്ന നാഷണൽ ഗോസ്പൽ ടൂറിന്റെ ആരംഭം കുറിച്ചുകൊണ്ടാണ് അബുദബിയിലെത്തുന്നത്. ഗൾഫിൽ പൊതുസ്റ്റേഡിയത്തിൽ നടക്കുന്ന ആദ്യക്രൈസ്തവ സമ്മേളനമാണ് ഇത്. ഏകദേശം 10,000 പേർക്ക് ഇരിക്കാവുന്ന സ്റ്റേഡിയമാണ്. വിവിധ ഭാഷാസഭാവ്യത്യാസമെന്യേ തെരഞ്ഞെടുക്കപ്പെട്ടവരുടെ ക്വയർ പരിശീലനം ആരംഭിച്ചു. പെന്തെക്കോസ്തൽ ഫെലോഷിപ്പ് ഓഫ് ഇന്ത്യ ദേശീയ സെക്രട്ടറി പാസ്റ്റർ ആർ. ഏബ്രഹാം ജനറൽ കോർഡിനേറ്ററായും, സോണി ഏബ്രഹാം, പാസ്റ്റർ മാർട്ടിൻ, ഫിറോസ് ഏബ്രഹാം, പി.സി. ഗ്ലെന്നി എന്നിവർ കൺവീനർമാരായും വിപുലമായ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആംഭിച്ചു. അനുഗ്രഹത്തിനായി എല്ലാ സഭകളുടെയും പ്രാർഥന അപേക്ഷിക്കുന്നു.കൂടുതൽ വിവരങ്ങൾക്ക് 0506926925, 0503241610.

# ആതുരരംഗത്തെ മാലാഖമാർ

**വാർത്തയ്ക്കപ്പുറം**

ഷിബു മുള്ളംകാട്ടിൽ

ഡൽഹിയിലെ അപ്പോളോ ആശുപത്രിയിൽ നേഴ്സായ ആൻസി, കാൻസർ ബാധിതയായ മാതാവിനെ പരിചരിക്കുവാൻ അവധിക്ക് അപേക്ഷിച്ചപ്പോൾ ആശുപത്രി അധികൃതർ നിരസിക്കുകയാണ് ചെയ്തത്. മാത്രമല്ല സർട്ടിഫിക്കറ്റുകൾ തടഞ്ഞു വെയ്ക്കുകയും ചെയ്തു. ഒടുവിൽ ഹൈക്കോടതി ഇടപെട്ടാണ് ആൻസിയെ നാട്ടിൽ അയച്ചത്. ഇന്ത്യയിലുടനീളം നേഴ്സുമാർ അനുഭവിക്കുന്ന ദുരിതവും പീഡനവും കഴിഞ്ഞ ചിലമാസങ്ങളായി പുറത്തുവന്നു കൊണ്ടിരിക്കുന്നു. ഇതിനിടയിൽ മുംബൈയിൽ ഏഷ്യൻ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ നേഴ്സ് തൊടുപുഴക്കാരി ബീന പീഡനം സഹിക്കവയ്യാതെ ആത്മഹത്യ ചെയ്തു. കൊച്ചിയിലും അങ്കമാലിയിലും, കൊല്ലത്തും, തിരുവല്ലയിലും നേഴ്സുമാർ സംഘടിതരായി രംഗത്തിറങ്ങിയതോടെ മാനേജുമെന്റുകൾ അല്പം പത്തിതാഴ്ത്തി.

ഇന്ത്യയിൽ നേഴ്സിംഗ് ഒരു പ്രൊഫഷനായി തിരഞ്ഞെടുക്കുന്നവരിൽ ഭൂരിപക്ഷം കേരളീയരാണ്. ദരിദ്ര കുടുംബങ്ങളിൽ നിന്നും വരുന്ന കുട്ടികൾപോലും മറ്റു വിഷയങ്ങളിൽ പ്രതിഭയുള്ളവർ ആണെങ്കിലും കുടുംബത്തെ പുലർത്തുവാൻ നേഴ്സിംഗ് ജോലി തിരഞ്ഞെടുക്കുന്നു. അതേ സമയം ഇന്ത്യയിൽ നേഴ്സുമാർക്ക് ഏറ്റവും കുറച്ച് ശമ്പളം നൽകുന്ന സംസ്ഥാനവും നമ്മുടെ കേരളമാണ്!

പഠനകാലം മുതൽ നേഴ്സുമാർ അനുഭവിക്കുന്ന ചൂഷണം ജോലിയെടുക്കുമ്പോഴും തുടരുന്നു എന്നതാണ് യാഥാർത്ഥ്യം. പന്ത്രണ്ട് മണിക്കൂർ വരെ കഠിനമായി ജോലിചെയ്യുന്നവരാണ് നേഴ്സുമാർ. അമിതമായ ജോലിഭാരവും ഉറക്കക്കുറവും നിമിത്തം ചിലർ രോഗങ്ങൾക്ക് കീഴ്പ്പെടുന്നു. ദീർഘമായ മണിക്കൂറുകൾ ജോലിചെയ്ത ശേഷം ഭവനത്തിലെത്തി ഭർത്താവിനെയും മക്കളെയും പരിചരിക്കേണ്ട ചുമതലയും ഇവർക്കു തന്നെ! പണം കായ്ക്കുന്ന മരം എന്നതിലപ്പുറം അവരുടെ നൊമ്പരങ്ങളും പരിഭവങ്ങളും നമ്മുടെ സമൂഹം മനസ്സിലാക്കുന്നില്ല.

ജീവിത തിരക്കുകൾക്കിടയിലും സ്നേഹത്തിന്റെ തൂവൽസ്പർശവുമായി രോഗികളെ സമീപിക്കുന്ന നേഴ്സുമാർ നമുക്കിടയിൽ ഉണ്ട്. എറണാകുളം മാമംഗലം ചർച്ച് ഓഫ് ഗോഡിലെ അംഗമായ നാദേശ്വരന്റെ അനുഭവം ഇങ്ങനെയാണ്. ശരീരമാകെ മുറിവുകളും, അസഹനീയമായ ദുർഗന്ധവുമായ് ആശുപത്രിയിൽ കഴിഞ്ഞ ഈ അക്രൈസ്തവന്റെ അരികിലേക്ക് പുഞ്ചിരിക്കുന്ന മുഖവുമായി ഒരു നേഴ്സ് എത്തി "അങ്കിൾ, നിങ്ങൾ മരിക്കുകയില്ല; എന്റെ ദൈവം നിങ്ങളെ സൗഖ്യമാക്കും. അങ്കിൾ ബൈബിൾ കരങ്ങളിലേന്തി തെരുവിൽ നിന്ന് സുവിശേഷം പ്രസംഗിക്കുന്നത് ഞാൻ ദർശനത്തിൽ കണ്ടു." ദീർഘനാളുകൾക്കു ശേഷം അന്ന് രാത്രിയിൽ നാദേശ്വരൻ സുഖമായി ഉറങ്ങി. അത്ഭുത സൗഖ്യം പ്രാപിച്ച

> **ഏത് കഠിനഹൃദയവും തീർത്തും നിസഹായമാകുന്ന അവസ്ഥയാണ് രോഗകിടക്ക. സ്വപ്നങ്ങളും പ്രതീക്ഷകളും ചീട്ടുകൊട്ടാരം പോലെ തകരുന്ന ദുർബല നിമിഷങ്ങൾ. ഈ സാഹചര്യത്തിലാണ് ഒരു മാലാഖയെപ്പോലെ നേഴ്സുമാരുടെ സാന്നിധ്യം പ്രസക്തമാകുന്നത്.**

നാദേശ്വരൻ ഇന്ന് തെരുവിൽ പ്രസംഗിക്കുന്ന ഒരു സുവിശേഷകനാണ്. എന്നാൽ തന്നോട് ആദ്യമായി സുവിശേഷം പങ്ക്വെച്ച ആ മാലാഖയെ കണ്ടെത്തുവാൻ നാദേശ്വരൻ ഗുഡ്ന്യൂസ് വാരികയുമായി ഈ അനുഭവം പങ്ക്വെച്ചു. ഒരു സാധാരണ പെൺകുട്ടി, ഒരു മനുഷ്യന്റെ രൂപാന്തരത്തിന് വഴിതെളിച്ച പ്രവാചക ശബ്ദമായി മാറിയെന്നതാണ് സത്യം!!

കൊൽക്കത്തയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ഉണ്ടായ അഗ്നിബാധയിൽ രോഗികളെ രക്ഷപ്പെടുത്തുവാനുള്ള ശ്രമത്തിനിടയിൽ മരണമടഞ്ഞ രമ്യയെയും വിനീതയെയും നമുക്ക് മറക്കുവാൻ കഴിയുമോ? സ്വന്തം ജീവൻ പോലും തൃണവൽക്കരിച്ച ഈ മലയാളി നേഴ്സുമാർ ആതുരസേവന രംഗത്തെ രക്തസാക്ഷികളാണ്. സ്വയത്തിനു വേണ്ടി പരക്കം പായുന്നവർക്ക് ഇവർ ചോദ്യചിഹ്നമാണ്.



ഏത് കഠിനഹൃദയവും തീർത്തും നിസഹായമാകുന്ന അവസ്ഥയാണ് രോഗകിടക്ക. സ്വപ്നങ്ങളും പ്രതീക്ഷകളും ചീട്ടുകൊട്ടാരം പോലെ തകരുന്ന ദുർബല നിമിഷങ്ങൾ. ഈ സാഹചര്യത്തിലാണ് ഒരു മാലാഖയെപ്പോലെ നേഴ്സുമാരുടെ സാന്നിധ്യം പ്രസക്തമാകുന്നത്. അവരുടെ ഹൃദയം നിറഞ്ഞ പുഞ്ചിരിയിൽപ്പോലും സാന്ത്വനത്തിന്റെ നുറുങ്ങു വെട്ടമുണ്ട്. അവരുടെ സ്നേഹ സമ്പന്നമായ വാക്കുകളും പരിചരണവും രോഗിയെ മാനസികമായി ശക്തിപ്പെടുത്തും. അതേ സമയം തങ്ങളുടെ ജോലിഭാരത്തിന്റെ ടെൻഷനിൽ രോഗികളോട് ദയയില്ലാതെ പെരുമാറുന്ന ചുരുക്കം നേഴ്സുമാരെയും കണ്ടിട്ടുണ്ട്. കൊടും ക്രൂരതയാണ് ഇതെന്ന് മാത്രം പറയട്ടെ.

വിവാഹകമ്പോളത്തിലെ വിൽപ്പന ചരക്കായി നേഴ്സുമാരെ കാണുന്ന പ്രവണതയും നമ്മുടെ സമൂഹത്തിലുണ്ട്. പത്താം തരം വരെ കഷ്ടിച്ച് പഠിച്ചവർക്കും ഗൾഫുകാരൻ ആയാൽ നേഴ്സിനെ മാത്രം മതിയെന്നതാണ് വിരോധാഭാസം! ആ ജോലിയോടുള്ള ആദരവു കൊണ്ടല്ല, പിന്നെ പണം വാരാനുള്ള കുറുക്കുവഴി!! ഗൾഫ്കാരൻ എന്ന ലേബൽ കേൾക്കുമ്പോൾ തന്നെ വരന്റെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതപോലും നോക്കാതെ വിവാഹബന്ധത്തിന് ധൃതികൂട്ടുന്ന മാതാപിതാക്കളും സ്വാർത്ഥതയുടെ ഭാഗമാകുകയാണ്.

നമ്മുടെ കർത്താവ് മുറിവുകളെ കെട്ടുന്നവനാണ് (യെശ.30:26). അടിസ്ഥാനപരമായി മുറിവുണക്കുന്ന ശുശ്രൂഷയാണ് ആതുര രംഗത്തെ ഈ മാലാഖമാരും ചെയ്യുന്നത്. അവരുടെ ഇടപെടലിലൂടെ ഒരു ജീവിതം തന്നെ മാറ്റിമറിക്കപ്പെടാം. കേവലം ഒരു ജോലി മാത്രമല്ലിത്, ഇതൊരു സേവനമാണ്. നമ്മുടെയിടയിലെ നേഴ്സുമാരെ സംബന്ധിച്ചിടത്തോളം ഇതൊരു ശുശ്രൂഷയാണ്. നല്ല ശമര്യക്കാരന്റെ മഹത്തായ നിയോഗമാണിത്. ആ തിരിച്ചറിവ് അവർക്ക് കരുത്ത് പകരട്ടെ. മദർ തെരേസയുടെ വാക്കുകൾ ഉദ്ധരിച്ച്കൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ"When we touch the sick, we are touching the suffering body of Christ."

# വിവേകവതിയായ അബീഗയിൽ

ജോയ്സി ഏബ്രഹാം, ന്യൂഡൽഹി

**ദൈവവചനത്തിൽ** ഉടനീളം പരിശോധിക്കുമ്പോൾ സ്ത്രീകളിൽ നിഷിപ്തമായിരിക്കുന്ന അനേക സ്വഭാവങ്ങളെ വ്യക്തമായി ചിത്രീകരിക്കുന്നുണ്ട്. ഉല്പത്തി മുതൽ വെളിപ്പാടു വരെ സ്ത്രീകളുടെ അഭേദ്യമായ പങ്ക് നമുക്ക് മനസ്സിലാക്കുവാൻ കഴിയും.

1 ശമുവേൽ 25:3 ഇവിടെ അബീഗയിൽ എന്ന സ്ത്രീയെ പറ്റി പറഞ്ഞിരിക്കുന്നത് അല്പ സമയം ശ്രദ്ധിക്കണം. ആരാണ് അബീഗയിൽ . നാബാലിന്റെ ഭാര്യയാണ്. അവൾ നല്ല വിവേകമുള്ളവളും, സുന്ദരിയും ആയിരുന്നു. സദൃശ്യ 31:8 ൽ പറയുന്നു. സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും. അവളുടെ വില മുത്തുകളിലും വിലയേറിയത്. മുത്തുകളേക്കാൾ വിലയേറിയതായി ദൈവ വചനത്തിൽ എടുത്ത് പറഞ്ഞിട്ടുള്ള വിശേഷതയേറിയ ഒരു വ്യക്തിയാണ് സാമർത്ഥ്യമുള്ള ഭാര്യ. അവളുടെ എല്ലാ രീതിയിലുള്ള പെരുമാറ്റത്തിലും മാതൃകളുണ്ടായിരിക്കേണം. ഈ അദ്ധ്യായം മുഴുവനും ഒരു സ്ത്രീയുടെ അനേക സൽഗുണങ്ങളെപറ്റി വിവരിച്ചിട്ടുണ്ട്.

ഇവിടെ അബീഗയിൽ ചെയ്ത ഏറ്റവും വിവേകമായ കാര്യം എന്താണ്? 1 ശമുവേൽ 25:2 നാബാലിനും അബാഗയിലിനും മൂവായിരം ചെമ്മരിയാടുകളും ആയിരം കോലാടുകളും ഉണ്ടായിരുന്നു. ഈ ആടുകളുടെ രോമം കത്രിക്കുന്ന ഒരു അടിയന്തരം ഉണ്ടായിരുന്നു. ദാവീദിന്റെ ബാല്യക്കാരനും നാബാലിന്റെ ബാല്യക്കാരനും വളരെ സ്നേഹിതരായിരുന്നു. ഈ അടിസ്ഥാനത്തിൽ തന്റെ ബാല്യക്കാരെ ദാവീദ് അടിയന്തര സമയത്ത് നാബാലിന്റെ അടുക്കൽ പറഞ്ഞയച്ചു. 1 ശമുവേൽ 25:10 നാബാൽ യാതൊരു സഹായം ചെയ്തില്ല എന്ന് മാത്രമല്ല; വളരെ അഹങ്കാരമായി ദാവീദിനേയും തന്റെ കുലത്തേയും, നിസ്സാരമായി എണ്ണി ശകാരിച്ച് സംസാരിച്ചു. ഈ വിവരം ബാല്യക്കാർ ദാവീദിനെ അറിയിച്ചു.

വിവരം കേട്ട മാത്രയിൽ ദാവീദിന് കോപം ജ്വലിച്ചു വാൾ അരക്കുകെട്ടി 400 പേരുമായി വലിയ ഒരു വിപ്ലവത്തിന് ഒരുങ്ങി. ഈ വിവരം തക്കസമയത്തു ഒരു ബാല്യക്കാരനിൽ കൂടി അബീഗയിൽ അറിഞ്ഞു. ഉടൻ തന്നെ അവൾ ഇരുന്നൂറ് അപ്പവും രണ്ട് തുരുത്തി വീഞ്ഞും പാചകം ചെയ്ത് അത് ആടും മറ്റു അനേക സാധനങ്ങളുമായി ദാവീദിനെ നേരിട്ടുകാണുവാൻ യാത്ര പുറപ്പെട്ടു. 1ശമുവേൽ 25:24 ൽ ദാവീദിനെ കണ്ട ക്ഷണത്തിൽ അബീഗയിൽ കഴുതപ്പുറത്തുനിന്നും ഇറങ്ങി സാഷ്ടാംഗം വീണു. യജമാനനേ എന്ന് സംബോധന ചെയ്ത് തന്റെ ഭർത്താവ് ചെയ്ത എല്ലാറ്റിനും മാപ്പ് ചോദിച്ചു. ഇത് കേട്ടമാത്രയിൽ ദാവീദ് അബീഗയിലിനോട് ക്ഷമിച്ചു.

ദാവീദിന്റെ വാക്കുകൾ ശ്രദ്ധിക്കുക. 1ശമുവേൽ 25:32,35,34. നിന്റെ വിവേകം സ്തുത്യം. വളരെ പ്രധാനപ്പെട്ട വാക്കുകൾ ഈ മൂന്നു വാക്യത്തിൽ പറഞ്ഞിരിക്കുന്നു.

എന്നാൽ തിരുവചനത്തിൽ പറഞ്ഞിരിക്കുന്ന മറ്റൊരു സ്ത്രീയെ പറ്റി ശ്രദ്ധിക്കാം. 1 രാജാ.19:2 നീചകാര്യത്തിനു വേണ്ടി തന്നെ പൂർണ്ണമായി ഏൽപ്പിച്ച ഒരു സ്ത്രീ ആയിരുന്നു ഇസബേൽ. പ്രവാചകനായ ഏലിയാവിനെ വെല്ലുവിളിച്ചു സംസാരിക്കുകയാണ്. പിറ്റേ ദിവസം പ്രവാചകനെ കൊന്നുകളയും എന്ന് സംസാരിക്കുകയാണ്.

ഈ സ്ത്രീയുടെ മറ്റൊരു സ്വഭാവമായിരുന്നു സാധുക്കളെ ദുഃഖിപ്പിക്കുന്നത് 1രാജാ.21:2 നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കുവാൻ വ്യാജ എഴുത്ത് എഴുതി അയച്ചു. സാധുവായ നാബോത്തിനെ കല്ലെറിഞ്ഞ്കൊന്ന് മുന്തിരിത്തോട്ടം കരസ്ഥമാക്കി 21-ാം അദ്ധ്യായം മുഴുവനും ഇത് കാണുവാൻ സാധിക്കും. എന്ത് നീചമായ പ്രവർത്തിയാണ്? 1രാജ.21:25 ൽ പറയുന്നു യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്യുവാൻ തന്നെത്താൻ വിറ്റുകളഞ്ഞ ആഹാബിനെപ്പോലെ ആരും ഉണ്ടായിട്ടില്ല. അവന്റെ ഭാര്യ ഇസബേൽ അതിന് ഉത്സാഹിയായിരുന്നു. ആഹാബിന് ഏറ്റവും തക്ക തുണയാണ് ലഭിച്ചത്.

പ്രിയ സഹോദരിമാരെ! ഒരു നിമിഷം ചിന്തിക്കുക. ഈ രണ്ട് സ്ത്രീകളിൽ കൂടി വലിയ ഒരു ആത്മീയ പാഠം പഠിക്കുവാൻ സാധിക്കും. അബീഗയിലിനെപ്പോലെ വിവേകവും ശ്രേഷ്ഠവുമായ ഒരു സ്വഭാവം നമുക്ക് മാതൃകയാണ്. അതോ ദുഷ്ടതയേറിയ ഇസബേലിന്റെ സ്വഭാവവും നമ്മുടെ മുമ്പിലുണ്ട്.

ഫിലിപ്പിയർ 1:4 ൽ പറയുന്നു. നിങ്ങളിൽ നല്ല പ്രവൃത്തി ആരംഭിച്ചവർ യേശുക്രിസ്തുവിന്റെ നാളോളം അത് തികഞ്ഞു എന്ന് ഉറപ്പായി വിശ്വസിച്ചിരിക്കുന്നു. നമ്മളിൽ നല്ല പ്രവൃത്തി ആരംഭിച്ച നമ്മുടെ യേശുക്രിസ്തു അന്ത്യംവരേയും ശുഭമായി അത് നടത്തി തരുവാൻ പരിശുദ്ധാത്മാവിൽ കൂടി സഹായിക്കും. ഈ വചനം നമുക്ക് അനുഗ്രഹമായി തീരട്ടെ.

For Advertisements & News Publishing Please Contact: 050-3241610, 055-3969791

# വീട്ടുപ്രാർഥനയ്ക്ക് കളക്ടറുടെ അനുമതിവേണം- കോടതി

**കൊച്ചി:** പെന്തെക്കോസ്ത് വിഭാഗത്തിൽപ്പെട്ടവർ വീടുകളിൽ കൂട്ടപ്രാർഥന നടത്താൻ ജില്ലാ കളക്ടറുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കണമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. അയൽവാസികൾക്ക് ഇവരുടെ പ്രാർഥന ശല്യമാകുന്നുവെന്ന പരാതിയെതുടർന്ന് പെന്തക്കോസ്തുകാരിൽ ചിലരെ പന്തളം സർക്കിൾ ഇൻസ്പെക്ടർ സ്റ്റേഷനിൽ വിളിച്ചുവരുത്തിയിരുന്നു. ഈ നടപടി തങ്ങളെ മനഃപൂർവ്വം ശല്യപ്പെടുത്തുന്നതാണെന്നും മതവിശ്വാസവുമായി പോലീസ് ഇടപെടുന്നത് തടയണമെന്നുമാണ് ബിനു ബേബിയും മറ്റും നൽകിയ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്. പൊതുജനങ്ങളുടെയും അയൽവായികളുടെയും പരാതിയെ തുടർന്ന് സംഭവത്തെക്കുറിച്ച് അന്വേഷിച്ചുവെന്ന് പോലീസ് ഹൈക്കോടതിയെ അറിയിച്ചു.

സർക്കാർ ഉത്തരവ് പ്രകാരം ഇത്തരം പ്രാർഥനകൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്ന് ഹർജിക്കാരെ അറിയിച്ചതായി പോലീസ് പറഞ്ഞു. അല്ലാതെ ഹർജിക്കാരെ ശല്യപ്പെടുത്തുകയോ അവരുടെ കൂട്ടപ്രാർഥന തടയുകയോ ചെയ്തിട്ടില്ലെന്ന് പോലീസ് വ്യക്തമാക്കി. ഹർജിക്കാരെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ച് കളക്ടറുടെ അനുമതി നേടിയിരിക്കണമെന്ന് പോലീസ് നിർദ്ദേശിച്ചത് ശല്യമായി കണക്കാക്കാൻ കഴിയില്ലെന്ന് ഹൈക്കോടതി പറഞ്ഞു. കളക്ടറിൽ നിന്ന് അനുമതിക്കു ശേഷം പ്രാർഥന ഈ വിധി തടസ്സമാകില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.



*ഓഡിയോ ഇന്ത്യ പ്രവാസി ക്രൈസ്തവ പുരസ്കാരം ഷിബു മുള്ളംകാട്ടിലിനു ഹിറ്റ് എഫ്.എം. റേഡിയോ ന്യൂസ് ഹെഡ് ഷാബു നൽകുന്നു. സ്റ്റാൻലി ജോൺ, വിജു ഹാബേൽ ജേക്കബ്, ജോയി മാത്യു എന്നിവർ സമീപം.*

# ഓൺലി വെ ജീസസ് സുവിശേഷയോഗം 2012

**ഷാർജ:** ഓൺലി വെ ജീസസ് ഗോസ്പൽ മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 1,2 തീയതികളിൽ സുവിശേഷയോഗം നടക്കും. വൈകിട്ട് 8നു നടക്കുന്ന യോഗങ്ങളിൽ പരിശുദ്ധാത്മവരപ്രാപ്തർ പ്രസംഗിക്കും. ദൈവികനാമം ഉയർത്തേണ്ടിയിടത്ത് വ്യക്തികളെ ഉയർത്തുന്ന പ്രവണത വർധിച്ചുവരുന്ന ഈ കാലത്ത് ശക്തമായി സുവിശേഷ പ്രചരണം നടത്തുകയാണ് ഈ മിനിസ്ട്രിയുടെ ലക്ഷ്യം എന്ന് ഇതിനു നേതൃത്വം നൽകുന്നവർ പറഞ്ഞു. പ്രസംഗകന്റെ പേര് വെളിപ്പെടുത്താത്തത് ദൈവവുമായുള്ള അദ്ദേഹത്തിന്റെ ഉടമ്പടിമൂലമാണെന്നും സംഘാടകർ പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക്: 055 9292624, 055 780 546

# ഡെലിവറൻസ് കൺവൻഷൻ 6,7 തീയതികളിൽ

**ഷാർജ:** സംഗീതത്തിലൂടെ സുവിശേഷം എന്ന ലക്ഷ്യത്തോടെ വിവിധ ലേബർ ക്യാമ്പുകളിൽ പ്രവർത്തിക്കുന്ന ഡെലിവറൻസ് മിനിസ്ട്രിയുടെ മൂന്നാം വാർഷിക കൺവൻഷൻ ഫെബ്രുവരി 6,7, തീയതികളിൽ ഷാർജ വർഷിപ്പ് സെന്ററിൽ നടക്കും. പ്രശസ്ത സുവിശേഷപ്രഭാഷകൻ പാസ്റ്റർ ജയിംസ് ജോർജ് പത്തനാപുരം പ്രസംഗിക്കും. ദിവസവും വൈകിട്ട് 8ന് ആരംഭിക്കുന്ന കൺവൻഷനിൽ ഡെലിവറൻസ് സിംഗേഴ്സ് ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകും. കൂടുതൽ വിവരങ്ങൾക്ക് മോൻസി 050 266 8369, ആന്റോ അലക്സ് 050 8852614


ഡെലിവറൻസ് കൺവൻഷൻ

ഫെബ്രുവരി 6,7 തീയതികളിൽ
ഷാർജ വർഷിപ്പ് സെന്ററിൽ
വൈകിട്ട് 8-10 വരെ

പ്രഭാഷകൻ
പാസ്റ്റർ ജെയിംസ് ജോർജ്
പത്തനാപുരം



കൂടുതൽ വിവരങ്ങൾക്ക്
050 266 8369, 050 8852614
പ്രാർത്ഥനയോടെ കടന്നു വരിക






യു.എ.ഇ. വിസിറ്റ് വിസ

ഏറ്റവും കുറഞ്ഞ നിരക്കിൽ! വളരെ ലളിതമായി! ഏറ്റവും വേഗത്തിൽ!

- ഏറ്റവും കുറഞ്ഞ ടിക്കറ്റ് + വിസ പാക്കേജുകൾ
- നേരിട്ട് വരാതെ തന്നെ വിസക്ക് അപേക്ഷിക്കാവുന്നതാണ്
- സെക്യൂരിറ്റി തുക നൽകാതെ തന്നെ അപേക്ഷിക്കാം.

വിശ്വാസികൾക്ക് പ്രത്യേക സൗജന്യം

**Our Services:** Airline Reservation & Ticketing - Holyday Packages - UAE & Foreign Visa Assistance - Corporate Travel Management - Meet and Greet Services - Hotel Bookings - International Driving Permit - Car Rental.

ITTA

**International Tourism & Travel Agency,**
P.O.Box 13692,
Ajman, U.A.E
Phone 06 7433270 Fax: 06 7433672

കൂടുതൽ വിവരങ്ങൾക്ക്
055 2084727, 050 631107

IF YOU BELIEVE YOU WILL SEE THE GLORY OF GOD. JOHN 11:40

# ONLY WAY JESUS GOSPEL MINISTRIES

Conducting meetings as a part of mission for Global Gospelization

## GOSPEL MEETING-2012

IN U.A.E

PLACE - WORSHIP CENTER SHARJAH(MAIN HALL)
DATE - 1ST AND 2ND OF FEB. 2012
TIME - 8.00 PM TO 10.00 PM
SPEAKERS - BY ANOINTED SERVENTS OF GOD

ONLY WAY JESUS CHOIR

കർത്താവിൽ പ്രിയരേ, കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നേഹവന്ദനം

**ONLY WAY JESUS GOSPEL MINISTRIES-ൻെറ സുവിശേഷദൗത്യം.**

1. ഈ ലോകത്തിൽ അനേകർ നിത്യജീവനിലേക്കുള്ള വഴി ഏത് എന്ന് അറിയാതെ ദുരുപദേശങ്ങളിൽ കുടുങ്ങി വഴി തെററി യാത്ര ചെയ്യുന്നു. യേശുക്രിസ്തു മാത്രം കർത്താവായ ഏകവഴി എന്ന് ദൈവവചനത്തിൽ കൂടി ലോകത്തോട് പ്രസ്താവിക്കുന്നു.

2. എവിടെയും എപ്പോഴും ക്രൂശിക്കപ്പെട്ട കർത്താവായ യേശുക്രിസ്തുവിൻെറ നാമം മാത്രം ഉയർത്തുന്നു. ദൈവവചനത്തിൽ പഴയനിയമം ആദിയോടന്തം പഠിച്ചാൽ ദൈവത്തിൻെറ ജനമായ യിസ്രയേലിനോട് പലഭാഗങ്ങളിലും നമ്മുടെ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നത് കാണുവാൻ കഴിയും നീ മടങ്ങിവന്നാൽ ഞാൻ നിന്നെ സൗഖ്യമാക്കും, നീ എൻെറ അടുത്തു വന്നാൽ ഞാൻ നിൻെറ അടുത്തു വരും, നീ എന്നെ പൂർണ്ണഹൃദയത്തോടെ സേവിച്ചാൽ ഞാൻ നിനക്ക് ജാതികളുടെമേൽ ജയം നൽകും, നീ എന്നെ അനുസരിച്ചാൽ ഞാൻ നിൻെറ സ്ഥിതി മാറ്റും. എന്നാൽ തൻെറ ജനമായ യിസ്രയേൽ ദൈവത്തെ മറന്ന് ദൈവത്തിൻെറ കല്പനകളെ തള്ളികളഞ്ഞു. അതുകൊണ്ട് പലരും മരുഭൂമിയിൽ പട്ടു പോയി. ഈ വചനത്തിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്, പലരുടെയും ജീവിതത്തിൽ ഇന്ന് വിട്ടുമാറാത്ത പല പരാജയങ്ങൾക്കും പ്രശ്നങ്ങൾക്കും കാരണം ദൈവത്തെ അനുസരിക്കാതെ ദൈവസ്നേഹത്തെ മറന്ന് ദൈവത്തിൽ നിന്ന് അകന്നു വഴിതെറ്റി യാത്ര ചെയ്യുന്നു, ആത്മിയത്തിൻെറ ഉന്നതിയിൽ നിൽക്കുന്നു എന്ന് തോന്നുന്ന നമ്മുക്ക് ചിലപ്പോൾ ഇത് അംഗീകരിക്കുവാൻ പ്രയാസമായിരിക്കും. പക്ഷേ, സമ്മതിച്ചേ തീരൂ. ദൈവം ലോകത്തോട് പ്രസ്താവിക്കുവാൻ ഞങ്ങൾക്ക് ഒരു തീം നല്കിയിട്ടുണ്ട് TURN TO JESUS. ഇതല്ലാതെ ഈ പ്രശ്നങ്ങൾക്ക് വേറെ പരിഹാരം ഇല്ല. പ്രിയ സുഹൃത്തേ, ഇത് വായിച്ചപ്പോൾ താങ്കളുടെ മനസിൽ ചില ചോദ്യങ്ങൾ ഉയർന്നില്ലേ? അതിൽ ചിലത് പരിശുദ്ധാത്മാവിൽ താഴെ കുറിക്കട്ടെ....

1. എൻെറ ജിവിതത്തിലും പ്രശ്നങ്ങളും പരാജയങ്ങളും രോഗങ്ങളും അടിക്കടി വിട്ടുമാറാതെ ഉണ്ടാകുന്നുണ്ട്, പക്ഷേ ഞാൻ ഒരു വേർപെട്ട സഭയിലെ മെമ്പറുമാണ്. ഇതിൽ കൂടുതൽ ഞാൻ എങ്ങനെ? എവിടെയാണ് മടങ്ങിവരേണ്ടത്?

2. പല ആത്മീയമീറ്റിംഗുകളിലും എൻെറ ജീവിതത്തിലെ പ്രശ്നങ്ങളും രോഗങ്ങളുമായി ഞാൻ കടന്നുപോയി, നിരാശയായിരുന്നു ഫലം. എന്താണ് ഇതിൻെറ കാരണം? താങ്കൾ യാത്ര ചെയ്യുന്ന പാത ശരിയെന്നോ തെറ്റെന്നോ പറയുവാൻ ഞങ്ങൾക്ക് ആത്മനിയോഗമില്ല, എന്നാൽ ഞങ്ങൾക്ക് ഒന്ന് കഴിയും യഥാർത്ഥവഴിയായ കർത്താവായ യേശുക്രിസ്തുവിൽ കൂടിമാത്രമെ രക്ഷയുള്ളൂ, യേശുക്രിസ്തുവിൽ കൂടിമാത്രമെ സൗഖ്യമുള്ളൂ, യേശുക്രിസ്തുവിൽ കൂടിമാത്രമെ പ്രശ്നങ്ങൾക്ക് പരിഹാരമുള്ളൂ, യേശുക്രിസ്തുവിൽ കൂടിമാത്രമെ നിത്യജീവനുള്ളൂ. ഇത് ഞങ്ങൾ ഉറപ്പോടെ ലജ്ജ കൂടാതെ ലോകത്തോട് വിളിച്ച് പറയും. നമ്മുടെ കർത്താവിൻെറ പരസ്യശുശ്രൂഷാകാലത്ത് അനേകായിരങ്ങൾ കർത്താവിൻെറ ചുറ്റും കൂടുമായിരുന്നു, പക്ഷേ കടന്നുവരുന്നവരിൽ ചിലർ മാത്രം സൗഖ്യവും വിടുതലും അനുഭവിക്കുന്നു. എന്നാൽ ഭൂരിപക്ഷം ജനവും കണ്ടും കേട്ടും ഭക്ഷിച്ചും മടങ്ങുന്നു. എന്താണ്, നമ്മുടെ കർത്താവിനു വിടുവിപ്പാൻ മനസില്ലേ? തീർച്ചയായും ഇന്നും മനസുണ്ട്. സുഹൃത്തേ, ദൈവം താങ്കളെ സ്നേഹിക്കുന്നു. അതുകൊണ്ട് ഒരവസരം കൂടി ദൈവം ഒരുക്കിതന്നിരിക്കുന്നു. പ്രാർത്ഥനയോടെ, വിശ്വാസത്തോടെ, പോരാ... ആത്മനിയോഗത്തോടെ കടന്നു വരുന്നു എങ്കിൽ താങ്കൾ കടന്നുവന്നതുപോലെ മടങ്ങിപോകുകയില്ല നിശ്ചയം. നമ്മുടെ കർത്താവായ യേശുക്രിസ്തു വേഗം വരുന്നു, ഒരുങ്ങിക്കൊൾക.

WE WELCOME YOU ALL IN NAME OF LORD AND SAVIOUR JESUS CHRIST

FOR MORE DETAILS VISIT www.onlywayjesus.com

SEND YOUR PRAYER REQUESTS TO US - trustNpray@hotmail.com

UAE Mob.0097155 9292624/0555780546

GOD BLESS YOU ALL ABUNDANTLY

FOR PRIVATE CIRCULATION ONLY

Edited, Printed and published by P.C. Glenny, Editor in charge Santhosh Abraham. news@newsmanna.com, Visit: www.newsmanna.com 050 3241610, 055 3969791